**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 421** **23-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടയ ഭൂമിയിലെ മരങ്ങൾ മുറിച്ചുകടത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിന്റെ 24.10.2020 ലെ സ.ഉ (കൈ) നം. 261/2020/റവ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ പട്ടയ ഭൂമിയിലെ മരങ്ങൾ അനധികൃതമായി മുറിച്ചു കടത്തിയതുമായി ബന്ധപ്പെട്ട് വനം വകുപ്പ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ; | (എ) | 02/02/2021-ന് ശേഷം പട്ടയ ഭൂമിയിലെ മരം മുറിയുമായി ബന്ധപ്പെട്ട് വനം വകുപ്പിൽ നാളിതുവരെ 360 ഒ.ആർ. കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് റെയിഞ്ച് അടിസ്ഥാനത്തിലാണ്. ഒരു റെയിഞ്ചിന്റെ പരിധിയിൽ ഒന്നിലധികം ജില്ലകൾ ഉൾപ്പെട്ടിട്ടുള്ളതിനാൽ ജില്ല തിരിച്ചുള്ള കണക്കുകൾ നിലവിൽ ലഭ്യമല്ല. |
| (ബി) | പ്രസ്തുത കേസുകളിലുൾപ്പെട്ട പ്രതികൾ ആരെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | പട്ടാദാർമാർ ഉൾപ്പെടെ മേൽപ്പറഞ്ഞ നിലവിൽ എടുത്തിട്ടുള്ള 360 കേസുകളിൽ അന്വേഷണം പൂർത്തീകരിച്ചിട്ടില്ല. 226 സംഭവങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. ആകയാൽ ടി കേസുകളിലുൾപ്പെട്ട പ്രതികളുടെ അന്തിമ വിവരങ്ങൾ ആയിട്ടില്ല. ആയത് അന്വേഷണം പൂർത്തീകരിച്ചാൽ മാത്രമേ അന്തിമമായി പറയാൻ കഴിയുകയുള്ളൂ. |
| (സി) | പ്രസ്തുത വിഷയത്തിൽ ഉത്തരവാദപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | ഇതു സംബന്ധിച്ച് സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ ഉന്നതതല അന്വേഷണം നടന്നു വരുന്നു. അന്വേഷണം പൂർത്തിയാക്കിയാൽ മാത്രമെ വനം വകുപ്പ് ഉദ്യോഗസ്ഥർ ഈ കേസുകളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് അറിയാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ